പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3801

20.7.2015 ലെ മറുപടിയ്ക്ക്

അദ്ധ്യാപക പാക്കേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. സി. മോയിൻ കുട്ടി | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) | അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട്, അദ്ധ്യാപക സംഘടനകളുമായുള്ള ചർച്ചയ്ക്കുശേഷം തീരുമാനങ്ങളെന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | 1.10.2011 ലെ ജി.ഒ(പി) 199/11/ പൊവിവ. പ്രകാരമുള്ള അധ്യാപക പാക്കേജ് പിൻവലിക്കാനും 2015 - 16 മുതൽ തസ്തികനിർണ്ണയം 1:45 ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ നിയമിതരായ റഗുലർ തസ്തികകളിലുള്ളവർക്ക് 1:30/1:35 അനുപാതത്തിൽ നിയമനാംഗീകാരം നൽകാനും അധികമാകുന്ന റഗുലർ അധ്യാപകർക്കും അധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | | |
| (സി) | സംസ്ഥാന താല്പര്യം ഇക്കാര്യത്തിൽ സംരക്ഷിക്കുന്നതോടൊപ്പം, അദ്ധ്യാപകരുടെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള തീരുമാനം എത്രയും വേഗം കൈക്കൊള്ളുമോ ? | | |

സെക്ഷൻ ഓഫീസർ